To FMY

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,
തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.07.02.2020

### പത്തനംതിട്ട ജില്ലയിൽ പുതിയ മൂന്ന് മാതൃകാ ഫോറസ്റ്റ് സ്റ്റേഷനുകൾ കൂടി: ഉദ്ഘാടനം ഇന്ന് (ഫെബ്രുവരി 8)

പത്തനംതിട്ട റാന്നി ഡിവിഷനിലെ കരികുളം, കോന്നി ഡിവിഷനിലെ കരിപ്പാൻതോട്, പാടം എന്നിവിടങ്ങളിൽ പുതുതായി നിർമ്മിച്ച മാതൃകാ ഫോറസ്റ്റ് സ്റ്റേഷനുകളുടെ ഉദ്ഘാടനം ഇന്ന് (ഫെബ്രുവരി 8 ) വനം വകുപ്പ് മന്ത്രി അഡ്വ.കെ. രാജു നിർവഹിക്കും. റാന്നി എം.എൽ.എ. രാജു എബ്രഹാം അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ രാവിലെ 10 30 ന് കരികുളം ഫോറസ്റ്റ് സ്റ്റേഷനും കോന്നി എം.എൽ.എ. അഡ്വ. കെ.യു. ജനീഷ് കുമാർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പകൽ 3 ന് കരിപ്പാൻ തോട് ഫോറസ്റ്റ് സ്റ്റേഷനും 4 30 ന് പാടം ഫോറസ്റ്റ് സ്റ്റേഷനും നാടിന് സമർപ്പിക്കും.

ആന്റോ ആൻറണി എം. പി. എല്ലാ ചടങ്ങുകളിലും മുഖ്യാതിഥിയായി പങ്കെടുക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് അന്നപൂർണാദേവി, മറ്റ് ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ, വനം ഉദ്യോഗസ്ഥർ തുടങ്ങിയവർ ആശംസകൾ അർപ്പിക്കും. ദക്ഷിണമേഖല ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് കെ.വിജയാനന്ദൻ സ്വാഗതം ആശംസിക്കുന്ന ചടങ്ങുകളിൽ റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എം. ഉണ്ണികൃഷ്ണൻ, കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കെ.എൻ. ശ്യാംമോഹൻലാൽ എന്നിവർ കൃതജ്ഞത അർപ്പിക്കും.

പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ